# ആന്ധ്രാ മോഡൽ കരാർ കൃഷി കേരളത്തിൽ – ചില ആശങ്കകൾ

ഡോ. എ. ലത

**ആന്ധ്രയിൽ** ചന്ദ്രബാബു നായിഡുവിന്റെ 'വിഷൻ 2020' ന്റെ ഭാഗമായിട്ടാണ് കാർഷിക മേഖലയിലെ ചെറുകിട – നാമമാത്ര കൃഷിക്കാരുടെ 'അഭിവൃദ്ധിക്കായി' കരാർ കൃഷി നടപ്പിലാക്കാൻ തീരുമാനിച്ചത്. ഉദ്ദേശം വളരെ ലളിതം. തുണ്ടു കൃഷിഭൂമികളെ കൂട്ടിച്ചേർക്കുക – അവിടെ കൂട്ടമായി കൃഷി ചെയ്യിക്കുക – കൃഷിക്കുവേണ്ട യന്ത്രങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ, വിത്ത് എന്നിവ 'ക്രെഡിറ്റ്' ആയി കൊടുക്കുക – വിളവ് ഒരുമിച്ച് കയറ്റി അയക്കാനോ, മാർക്കറ്റ് ചെയ്യാനോ ഉള്ള സംവിധാനമുണ്ടാക്കുക. സംഗതി ഇത്രമാത്രം. പക്ഷെ ഇത് മുഴുവൻ ചെയ്യുന്നത് സ്വകാര്യ കമ്പനികളാണെന്ന് മാത്രം. ആദ്യം കമ്പനിയ്ക്ക് 'നോ ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റ്' എഴുതി കൊടുക്കണം. എന്തിനാണെന്നോ ? പാട്ടത്തിന് ഭൂമി കമ്പനിക്ക് കൈമാറുമ്പോൾ അതിൽ പൈപ്പ് ലൈൻ കുഴിക്കാനും വേണമെങ്കിൽ ബോർവെൽ കുഴിക്കാനും അനുമതി നേടാൻ. പിന്നെ അന്താരാഷ്ട്ര വിപണിയിൽ ഏറ്റവും കൂടുതൽ ലാഭം കിട്ടുന്ന വിള കൃഷി ചെയ്യാൻ. എന്നിട്ട് കമ്പനി വിത്തും, വളവും, സാങ്കേതിക വിദ്യയും മറ്റും വായ്പയായി കൃഷിക്കാരന് കൊടുക്കും. കമ്പനിക്കാവശ്യമായ വിള കൃഷി ചെയ്യാൻ. ആന്ധ്രയിൽ കരിമ്പ്, ചോളം, മാങ്ങ, കൊക്കൊ, പുകയില, നെല്ലിക്ക എന്നിവയൊക്കെ 'കരാർ കൃഷിയിൽ' അകപ്പെട്ട വിളകളാണ്. സ്വന്തം ഭൂമിയിൽ കമ്പനി പറഞ്ഞ കൃഷിയും കൃഷിരീതിയും അവലംബിച്ചാൽ മാത്രം പോരാ, എടുത്ത വായ്പ തിരിച്ചടയ്ക്കുകയും വേണം. അല്ലെങ്കിൽ കമ്പനി കൂലി റദ്ദ് ചെയ്യും. കൃഷിക്കാർക്ക് വിളവിൽ നിന്നും ഒരു വീതവും കിട്ടുന്നില്ല. മറിച്ച് സ്ഥിരമായി ഒരു സ്റ്റൈപ്പന്റ് മാത്രമാണ് ലഭിക്കുക. കൃഷിഭൂമിയിൽനിന്നും കമ്പനി ഒരു വിളവെടുക്കുന്നു. എത്ര ലാഭം ഉണ്ടാക്കുന്നു, എത്ര വിളവ് അയക്കുന്നു ഇതിനെകുറിച്ച് ഒന്നും ചോദിച്ചറിയാനുള്ള അവകാശം ഭൂമി പാട്ടത്തിന് കൊടുക്കുന്ന കൃഷിക്കാർക്കില്ല താനും. മാത്രമല്ല പലപ്പോഴും ഒരുമിച്ചു പാട്ടത്തിനെടുത്ത ഭൂമി അഞ്ചോ ആറോ കൃഷിക്കാർക്കായിരിക്കും കരാർ കൃഷി ചെയ്യാൻ തിരിച്ചേൽപ്പിക്കുക. ബാക്കിയുള്ളവർ സ്വന്തം ഭൂമിയിൽ കൂലിപ്പണിക്കാരായി മാറുന്ന അവസ്ഥയും സംജാതമാകുന്നു. അല്ലെങ്കിൽ നാടുവിട്ട് മറ്റൊരു ജോലി തേടി പോകണം. കമ്പനിക്കു വേണ്ടത് ലാഭം മാത്രം. കുറഞ്ഞ കാലയളവിൽ ഏറ്റവും കൂടുതൽ കൊയ്തെടുക്കുക എന്നതാണ് അവരുടെ ലക്ഷ്യം. **അമിത രാസവള കീടനാശിനി പ്രയോഗവും തീവ്രമായ കൃഷി രീതികളും കാരണം കൃഷിഭൂമി വിഷലിപ്തമായ മരുഭൂമിയായി മാറുമ്പോൾ, കമ്പനി പൊടിയും തട്ടി സ്ഥലം വിടുന്നു.** പുതിയ മേച്ചിൽപുറങ്ങൾ തേടി. പുതിയ ഇരകളെ തേടി. കൃഷിക്കാരന് 'മരിച്ച ഭൂമി' മാത്രം മിച്ചം.




ആന്ധ്രയിൽ 'കരാർ കൃഷി'യുടെ തിക്തഫലങ്ങൾ കർഷകർ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. 'ഭക്ഷ്യ സുരക്ഷ' 'ഭക്ഷ്യ സ്വയം പര്യാപ്തത' എന്നീ പദങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരിക്കൽ ഭൂമി പാട്ടത്തിന് കൊടുത്താൽ പിന്നെ കന്നുകാലികളെ പോലും മേയിക്കാൻ കമ്പനി സമ്മതിക്കില്ല. ആന്ധ്രയിലെ പല ഗ്രാമങ്ങളിലും കൃഷിക്കാർ കന്നുകാലികളെ വിറ്റു തുടങ്ങിയിരിക്കുന്ന കാഴ്ച കാണാം. സ്വന്തം ഭൂമിയിൽ നിന്നും പറിച്ചു നടപ്പെടുന്ന അവസ്ഥയിൽ സ്വന്തം ഭൂമിയിൽ ഏതു വിളയിറക്കണം എന്ന വളരെ സ്വാഭാവികമായ തീരുമാനമെടുക്കാൻ സാധിക്കാത്ത അവസ്ഥയിൽ ഗ്രാമങ്ങളിൽ നിന്നുള്ള കൂട്ടത്തോടെയുള്ള പാലായനം വരെയെത്തി നിൽക്കുന്നു സ്ഥിതിവിശേഷം. ഫിലിപ്പൈൻസിലും, മെക്സിക്കോവിലും, അർജന്റീനയിലും, സിംബാബ്‌വേയിലും ജീവിക്കുന്ന കൃഷിക്കാർ 'കരാർ കൃഷി'യുടെ തിക്ത ഫലങ്ങൾ അനുഭവിച്ചവരാണ്. ജൂഡെ 2001-ൽ ആന്ധ്രാപ്രദേശിൽ നടന്ന 'പ്രജാതീർപ്പിൽ' പങ്കെടുത്ത കൃഷിക്കാരും, സാമൂഹ്യ പ്രവർത്തകരും മറ്റും ഒന്നടങ്കം 'കരാർ കൃഷി' വേണ്ട എന്ന് ഉറക്കെ പ്രഖ്യാപിച്ചവരാണ്. ഭക്ഷ്യസുരക്ഷയും സ്വയം പര്യാപ്തതയും തിരിച്ചു നൽകുന്ന കൃഷിരീതികളും ജൈവവൈവിദ്ധ്യത്തിലൂന്നിയ, പ്രകൃതിവിഭവങ്ങളുടെ മേലുള്ള ഉത്തരവാദിത്വവുമാണ് കാർഷിക 'അഭിവൃദ്ധി' യുടെ യഥാർത്ഥ അടിസ്ഥാനമെന്നും ഊന്നിപറഞ്ഞവരാണ് അവർ.

കേരളം 'കരാർ കൃഷി' യിലേക്ക് നീങ്ങാൻ തീരുമാനമെടുക്കുന്നതിന് മുമ്പ് ആന്ധ്രയിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് അന്വേഷിച്ചാൽ നല്ലതായിരുന്നു. ഏകവിള കൃഷിയുടേയും വാണിജ്യ കൃഷിയുടേയും സാമ്പത്തിക തകർച്ചയിൽ നിന്നും കരകയറാതെ വീർപ്പുമുട്ടി നിൽക്കുന്ന നമ്മുടെ കൃഷിക്കാർക്ക് 'കരാർകൃഷി' യാണോ 'സുസ്ഥിരകൃഷി' യാണോ വെച്ചു നീട്ടേണ്ടത് എന്ന് ഒന്നുകൂടി പരിശോധിക്കുന്നതും നല്ലതായിരിക്കും. മാത്രമല്ല 'Contract Farming Bill' പാസ്സാക്കുന്നതിനു മുമ്പ് അതിന്റെ വിശദാംശങ്ങളും മറ്റും കർഷകസമക്ഷം ചർച്ചയ്ക്കു വെക്കുക എന്നതും ജനാധിപത്യസ്വഭാവമുള്ള സർക്കാർ നിർവ്വഹിക്കേണ്ട പ്രാഥമിക ചുമതലയാണ്.

(തുടരും ...)